കരട്

തീയതി : 07.01.2011

# അധ്യാപകർക്ക് ലാപ്‌ടോപ്പുകളും നെറ്റ്ബുക്കുകളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള പദ്ധതി

സൂചന:- 05.01.2011-ന് ചേർന്ന ഐടി@സ്കൂൾ ടെക്നിക്കൽ കമ്മിറ്റിയുടെ യോഗ തീരുമാനം

## <u>പശ്ചാത്തലം</u>

സംസ്ഥാനത്ത് ഐടി അധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾക്ക് 2008 മുതൽ ലാപ്‌ടോപ്പുകളും പ്രോജക്ടറുകളുമെല്ലാം ലഭ്യമാക്കി വരുന്നുണ്ട്. 2009-10 വരെ സ്കൂളുകളിൽ 7500ലധികം ലാപ്‌ടോപ്പുകൾ വിന്യസിച്ചിട്ടുണ്ട്. ഇതിനു പുറമെ ഈ വർഷം 8000 ലാപ്‌ടോപ്പുകളും 6000 നെറ്റ്ബുക്കുകളും നൽകുന്നുമുണ്ട്. സ്കൂളിലെ കമ്പ്യൂട്ടർ ലാബിൽ ഐ.ടി പഠനം നടന്നുവരുന്ന രീതിയിൽ നിന്നും ക്ലാസ് മുറികളിൽ ലാപ്‌ടോപ്പുകളും പ്രോജക്ടറുകളും പ്രയോജനപ്പെടുത്തുന്ന വിഷയാധിഷ്ഠിത ഐടി പഠന രീതിയിലേക്ക് മാറിയത് അധ്യാപക സമൂഹം വളരെയധികം ഉൾക്കൊണ്ടിട്ടുണ്ട്. പലപ്പോഴും വളരെയധികം ഡിവിഷനുകളും അധ്യാപകരുമുള്ള സ്കൂളുകളിൽ ഇത്തരത്തിൽ ലഭ്യമാക്കിയിട്ടുള്ള ലാപ്‌ടോപ്പുകളുടെ എണ്ണം കുറവായതിനാൽ മുഴുവൻ അധ്യാപകർക്കും ഫലപ്രദമായി ഇത് ഉപയോഗിക്കാനായി ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്.

അതുകൊണ്ട് തന്നെ അധ്യാപകർക്ക് കുറഞ്ഞ നിരക്കിൽ ലാപ്‌ടോപ്പുകൾ ലഭ്യമാക്കണമെന്ന ആവശ്യം അധ്യാപക സംഘടനകളും അധ്യാപകരും സ്ഥിരമായി ഉന്നയിച്ചുവരുന്നുണ്ട്. അധ്യാപകർക്ക് ലോൺരൂപത്തിൽ ലാപ്‌ടോപ്പുകൾ ലഭ്യമാക്കാനുള്ള സാധ്യത പരിശോധിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന വിദ്യാഭ്യാസ വകുപ്പിലെ ഡയറക്ടർമാരുടെ യോഗം കഴിഞ്ഞവർഷം തന്നെ ഐടി@സ്കൂളിനെ ചുമതലപ്പെടുത്തിയിരുന്നു.

## <u>ഐടി@സ്കൂൾ പർച്ചേസ്</u>

2008 മുതൽ 2010 വരെ ഐടി@സ്കൂൾ നടത്തിയ ലാപ്‌ടോപ്പ് പർച്ചേസിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| വർഷം | എണ്ണം | ഐടി@സ്കൂളിന് ലഭിച്ച നിരക്ക് (A) | തത്തുല്യമായ DGS&D നിരക്ക് (B) | വ്യത്യാസം (B-A) | DGS&D നിരക്കിനേക്കാൾ കുറവ് ലഭിച്ച ശതമാനം |
|---|---|---|---|---|---|
| 2008-2009 | 3900 | ₹20,000 | ₹33166 | ₹13166 | 39.7% |
| 2009-2010 | 3600 | ₹20,000 | ₹29283 | ₹9283 | 31.7% |

DRAFT

കെൽട്രോൺ ദേശീയ ടെണ്ടർ വിളിച്ച് ബൾക്ക് പർച്ചേസ് നടത്തുന്നതിനാലും വിലയിലും ഗുണനിലവാരത്തിലും ടെക്നിക്കൽ കമ്മിറ്റിയുടെ സജീവമായ മേൽനോട്ടം ഉള്ളതിനാലും കമ്പോളവിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ സ്കൂളുകളിലേക്കുള്ള ഹാർഡ്‌വെയർ വാങ്ങാൻ ഐടി@സ്കൂളിന് കഴിയുന്നുണ്ട്. സ്വതന്ത്ര സോഫ്ട്‌വെയർ ഉപയോഗിക്കുന്നതുകൊണ്ടുള്ള സാമ്പത്തിക നേട്ടം ഇതിനുപുറമെയാണ്. ഇപ്രകാരം ലഭിക്കുന്ന നേട്ടം നമ്മുടെ അധ്യാപകർക്കുകൂടെ ലഭ്യമാക്കണം എന്നതാണ് ഇപ്പോൾ ഐടി പരിശീലനങ്ങളിൽ നിന്ന് ഉയർന്നു വരുന്ന പ്രധാന ആവശ്യം. ലോൺവഴി ലഭ്യമാക്കാനുള്ള നൂലാമാലകൾ ഒഴിവാക്കി നേരിട്ട് പണം നൽകി വാങ്ങുന്നതിന്റെ സാധ്യതയാണ് തേടേണ്ടത്.

DRAFT

## 2010 - 2011- ലെ ഹാർഡ്‌വെയർ പർച്ചേസ്

ഈ വർഷം 10,000 ലാപ്ടോപ്പുകൾക്കും, 18,000 നെറ്റ്ബുക്കുകൾക്കുമാണ് കെൽട്രോൺ ദേശീയ ടെണ്ടർ വിളിച്ചത്.

ഇതിൽ നിശ്ചിത സമയത്തിനകം വിതരണം പൂർത്തിയാക്കാനായി ടെണ്ടർ നിബന്ധന പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിയുടെ വിലയ്ക്ക് (L1) നൽകാൻ മറ്റ് കമ്പനികൾ (L2, L3) തയ്യാറാവുകയും അങ്ങനെ നിശ്ചിത അനുപാതത്തിൽ ഇവർക്ക് മൊത്തം ഓർഡർ വീതിച്ചു നൽകുകയുമായിരുന്നു. ഇപ്രകാരം കിട്ടുന്ന തുകയിൽ Solution Provider ആയ കെൽട്രോണിന്റെ ചാർജ് ഉൾപ്പെടെയാണ്. (ലാപ്ടോപ്പ് - ₹19250/-, നെറ്റ്ബുക്ക് - ₹12500/-) സ്കൂളുകൾക്കുള്ള ലാപ്ടോപ്പുകളും നെറ്റ് ബുക്കുകളും ഐടി@സ്കൂൾ വാങ്ങുന്നത്. ഈ ഉപകരണങ്ങൾ **ലാപ്ടോപ്പുകൾ ₹17,770/- നും നെറ്റ്ബുക്കുകൾ ₹11,450/- നും** അധ്യാപകർക്ക് ലഭ്യമാകും.

## സ്പെസിഫിക്കേഷൻ വിശദാംശങ്ങൾ

### 1. ലാപ്ടോപ്പ് (വില ₹17,770/-)

| Company & Model | HCL ME51 | WIPRO EGO | RP Info System Chirag - Power Play 14 D 22 |
|---|---|---|---|
| Processor | Intel Celeron M900, 2.2 GHz, 1 MB L2 Cache 45nm | | Pentium Dual Core T4400 @2.2 GHz,1 MB L2 cache |
| Others (Common) | Chipset -Intel PM 45 , OEM Mother board, RAM - 2GB DDR3, 800 Mhz, HDD- 160 GB SATA, 5400 rpm, Display- 14.1" , Integrated DVDRW, Integrated wireless 802.11 b/g/n, Battery back up time - 2 hrs minimum.<br>3 years onsite comprehensive warranty including **Battery and Power Adaptor.** | | |

## 2. നെറ്റ്ബുക്ക് (വില ₹11,450/-)

| Company & Model | Specifications |
|---|---|
| 1) HCL ME L08<br><br>2) RP Info System Chirag- Power Play-10 MN34 | Processor - Intel Atom CPU N455 @ 1.66 GHz 512 KB L2 cache, RAM-1 GB DDR3, Hard Drive - 160 GB, Display size- 10.1,Graphics card-Integrated Wi-Fi- 802.11 b/g/n , Card slots- SD memory reader Battery back up time - 6 hrs minimum.<br><br>3 years onsite comprehensive warranty including **Battery and Power Adaptor.** |

**അധ്യാപകർക്കുള്ള പദ്ധതിയുടെ പ്രത്യേകതകൾ**

1) കമ്പനികൾ വളരെ കൂടിയ എണ്ണത്തിന് നൽകുന്ന കുറഞ്ഞ വിലയുടെ ആനുകൂല്യം ഒരു ലാപ്ടോപ്പ്/നെറ്റ്ബുക്ക് വാങ്ങുമ്പോൾ അധ്യാപകർക്ക് ലഭിക്കുന്നു.

   കമ്പോള മൂല്യം ശരാശരി ₹28000/- ഉള്ള ലാപ്ടോപ്പുകൾ ₹17,770/- നും ₹18000/- ഉള്ള നെറ്റ് ബുക്കുകൾ ₹11450/- നും (ബാറ്ററി, പവർ അഡാപ്റ്റർ എന്നിവയുടെ മൂന്നുവർഷ വാറണ്ടിയുൾപ്പെടെ) അധ്യാപകർക്ക് ലഭ്യമാകും. **അതായത് ലാപ്ടോപ്പുകൾ കമ്പോളമൂല്യത്തെക്കാൾ ഏകദേശം ₹10,230/- കുറഞ്ഞ വിലയിലും (37% കുറവ്) നെറ്റ്ബുക്കുകൾ ₹6,550/- (36% കുറവ്) കുറവിലും അധ്യാപകർക്ക് ലഭിക്കുന്നു.**

2) ഉപകരണങ്ങൾക്ക് മൂന്നു വർഷ വാറണ്ടി ഉറപ്പാക്കുന്നു. സാധാരണ രീതിയിൽ കമ്പോളത്തിൽ വിൽക്കുന്ന ലാപ്ടോപ്പുകൾക്ക് ഈ വാറണ്ടി നൽകാറില്ല. എന്നാൽ ഐടി@സ്കൂളിന് നൽകുന്ന സർവീസ് അധ്യാപകർക്കും ലഭ്യമാകുന്നു. ലാപ്ടോപ്പ് ബാറ്ററി, പവർ അഡാപ്റ്റർ എന്നിവയ്ക്കും മൂന്നു വർഷ വാറണ്ടി ഇപ്രകാരം ലഭ്യമാക്കുന്നു.

3) വിവിധ കമ്പനികളുടെ ഉപകരണങ്ങൾ പരിശോധിക്കാനും അതനുസരിച്ച് തിരഞ്ഞെടുക്കാനും ജില്ലാതലത്തിൽ ഐടി@സ്കൂൾ സൗകര്യമേർപ്പെടുത്തുന്നു.

4) ഐടി@സ്കൂൾ എഡ്യൂ ഉബുണ്ടു, വിവിധ ഓഫീസ്-ഗ്രാഫിക്സ് പാക്കേജുകൾ, എഡ്യൂക്കേഷണൽ സോഫ്ട്‌വെയറുകൾ തുടങ്ങിയവ ലാപ്ടോപ്പുകളിലും/നെറ്റ്ബുക്കുകളിലും പ്രീലോഡ് ചെയ്ത്നൽകുന്നു.

**ആർക്കൊക്കെ അപേക്ഷിക്കാം**

സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിലെ പ്രഥമാധ്യാപകർ, അധ്യാപകർ എന്നിവർക്കുള്ളതാണ് ഈ സ്കീം. അപേക്ഷകൻ ഐടി പരിശീ

DRAFT

ലനം നേടിയതും സ്കൂളിൽ ഐടി ഉപയോഗിച്ച് പഠിപ്പിക്കുന്നയാളുമാണ് എന്ന് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തണം. ഐ.ടി പരിശീലനം നേടാത്ത എൽ. പി - യു. പി അധ്യാപകർ 2011 ജൂണിനുമുമ്പ് ഐ.ടി പരിശീലനം നേടാമെന്ന അണ്ടർടേക്കിംഗ് നൽകിയാലും മതി. ഇങ്ങനെ വാങ്ങുന്ന ലാപ്ടോപ്പുകൾ സ്വന്തം ആവശ്യങ്ങൾക്കല്ലാതെ വില്പനയ്ക്കോ മറ്റോ ഉപയോഗിക്കില്ലെന്നും അപേക്ഷകൻ സാക്ഷ്യപ്പെടുത്തണം. ഒരു ജില്ലയിൽ നിന്ന് പരമാവധി 4000 പേർക്ക് എന്ന നിലയിൽ ആദ്യം അപേക്ഷിക്കുന്ന 50000 അധ്യാപകർക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കുക.

**<u>ഐടി@സ്കൂളിന്റെ ചുമതല</u>**

ഓഫറുകൾ നൽകിയിട്ടുള്ള കമ്പനികളെയും ലാപ്ടോപ്പും നെറ്റ്ബുക്കും വാങ്ങാൻ താല്പര്യമുള്ള അധ്യാപകരെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ചുമതല മാത്രമാണ് ഐടി@സ്കൂളിനുള്ളത്. ഇതിനായി ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളിലെ സൗകര്യം ലഭ്യമാക്കും. അധ്യാപകരിൽ നിന്നും ഈടാക്കാവുന്ന പരമാവധി തുക, ആവശ്യമുള്ള മിനിമം സ്പെസിഫിക്കേഷൻ സേവന വ്യവസ്ഥകൾ, ഇൻസ്റ്റാൾ ചെയ്യേണ്ട സോഫ്ട്വെയറുകൾ തുടങ്ങിയവ ഐടി@സ്കൂൾ നിഷ്കർഷിക്കും. ബ്രാൻഡുകൾ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള മറ്റു കാര്യങ്ങളിൽ (ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ഇടപാടുകളിൽ ഉൾപ്പെടെ) ഐടി@സ്കൂളിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**<u>കമ്പനികളുടെ ചുമതല</u>**

ഐടി@സ്കൂൾ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ (ഐസിടി സ്കീം പർച്ചേസിൽ കമ്പനികൾ കെൽട്രോണിന് നൽകിയ സ്പെസിഫിക്കേഷനിൽ കുറവു വരുത്താതെയും നൽകിയിട്ടുള്ള വിലയിൽ കൂടാതെയും സർവീസ് വ്യവസ്ഥകൾ പാലിച്ചുകൊണ്ടും) പരിപൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണം അധ്യാപകർക്ക് ലാപ്ടോപ്പുകൾ വിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഒരു undertaking കമ്പനികൾ ഐടി@സ്കൂളിന് നൽകണം (അനുബന്ധം 2). 3 വർഷ വാരണ്ടിയുൾപ്പെടെയുള്ള മെയിന്റനൻസ് വിവരങ്ങൾ (പരാതി റിപ്പോർട്ട് ചെയ്യാനുള്ള പോർട്ടൽ, കോൾ സെന്റർ സംവിധാനങ്ങളുൾപ്പെടെ) അധ്യാപകർക്ക് ഉപകരണങ്ങളോടൊപ്പം പ്രത്യേകമായി നൽകണം. തങ്ങളുടെ ഉപകരണങ്ങൾ കൂടുതൽ അധ്യാപകരിലേക്കെത്താൻ കൂടുതൽ പ്രചരണങ്ങളും മറ്റും ആവശ്യമുണ്ടെങ്കിൽ കമ്പനികൾക്ക് അവരുടെ സ്വന്തം ചെലവിൽ നടത്താം. വിതരണത്തിനായി കമ്പനികളുടെ ചാനൽ പാർട്ണർമാരെ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആ വിവരം മുൻകൂറായി ഐടി@സ്കൂളിനെ അറിയിക്കണം. എന്നാൽ വാറണ്ടി നൽകുന്നത് കമ്പനി തന്നെ ആയിരിക്കണം. അഡ്വാൻസ് തുക ലഭിച്ചതിന് ശേഷം ഒരു മാസത്തിനകം ഉപകരണങ്ങൾ ലഭ്യമാക്കണം. ഉപകരണങ്ങൾ അധ്യാപകരുടെ വിലാസത്തിൽ നേരിട്ടെത്തിക്കുകയോ, ജില്ലയിൽ ഒരു കേന്ദ്രത്തിലൂടെ വിതരണം നടത്തുകയോ ആവാം.

**അധ്യാപകരുടെ ചുമതല**

ലാപ്ടോപ്പ് വാങ്ങാൻ താല്പര്യമുള്ള അധ്യാപകർ നിശ്ചിത സമയത്തിനകം ഓൺലൈനായി രജിസ്റ്റർ ചെയ്യണം. അതിന് ശേഷം ഉപകരണങ്ങൾ നേരിട്ട് പരിശോധിക്കാൻ (ആവശ്യമെങ്കിൽ)ജില്ലാതല റോഡ്ഷോയിൽ പങ്കെടുക്കാവുന്നതാണ്. ഇവിടെ നിന്നും ആവശ്യമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത് ₹1500/- അഡ്വാൻസ് കമ്പനിക്ക് നൽകണം. പിന്നീട് ജില്ലാ ഓഫീസിൽ വന്നാണ് ലാപ്ടോപ്പ്/നെറ്റ്ബുക്ക് ശേഖരിക്കേണ്ടത്. ആ സമയത്ത് ബാക്കി തുക കമ്പനിക്ക് നൽകണം.

റോഡ്ഷോയിൽ പങ്കെടുക്കാൻ വരുമ്പോൾ (അഡ്വാൻസ് നൽകുന്നതോടൊപ്പം) അനുബന്ധം 3-ൽ നൽകിയിട്ടുള്ള പ്രഥമാധ്യാപകന്റെ ഒപ്പോടെയുള്ള സർട്ടിഫിക്കറ്റ് (രണ്ട് പകർപ്പുകൾ) കൊണ്ടുവരേണ്ടതാണ്. ഇത് ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർ പരിശോധിച്ച് ഒരെണ്ണം കമ്പനികൾക്ക് കൈമാറും. ഒന്ന് ഐടി@സ്കൂൾ ജില്ലാ ഓഫീസിൽ സൂക്ഷിക്കും. ഉല്പന്നത്തിന്റെ ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ അപേക്ഷകന്റെ ഉത്തരവാദിത്വമാണ്. വ്യക്തിഗത/അക്കാദമിക് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനല്ലാതെ ഇതു മറിച്ചു വിൽക്കാൻ പാടില്ല. ഒരദ്ധ്യാപകന് ഒന്നിലധികം ഉപകരണങ്ങളും (ഒരു ലാപ്ടോപ്പോ, നെറ്റ്ബുക്കോ അല്ലാതെ) ലഭ്യമാക്കില്ല.

ലാപ്ടോപ്/നെറ്റ്ബുക്ക് വാങ്ങിയശേഷം പിന്നീട് സപ്പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി അധ്യാപകർ കമ്പനികളെ നേരിട്ടാണ് (അവർ നൽകുന്ന ഇ-മെയിൽ/ഫോൺനമ്പർ/വിലാസം) ബന്ധപ്പെടേണ്ടത്. സ്കൂളിലെ ഉപകരണങ്ങൾക്ക് നൽകുന്നപോലെയുള്ള ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവില്ല.

**സമയക്രമം**

| | | |
|---|---|---|
| 1) | കരട് നടപടിക്രമങ്ങൾ പ്രസിദ്ധീകരിക്കൽ | ജനുവരി - 8 |
| 2) | താല്പര്യമുള്ള അധ്യാപകരിൽ നിന്നും ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ (അപേക്ഷാ ഫോം - അനുബന്ധം 1) | ജനുവരി 15 - 25 |
| 3) | ജില്ലാതല റോഡ്ഷോ | ജനുവരി 25 - ഫെബ്രുവരി 10 |
| 4) | അഡ്വാൻസ് തുക/ഓർഡറുകൾ ശേഖരിക്കൽ | ജനുവരി 25 - ഫെബ്രുവരി 10 |
| 5) | ഉപകരണങ്ങളുടെ വിതരണം | മാർച്ച് 01 - 31 |

**കെ. അൻവർ സാദത്ത്**
(എക്സിക്യൂട്ടീവ് ഡയറക്ടർ)
ഐടി@സ്കൂൾ പ്രോജക്ട്
email: director@itschool.gov.in

DRAFT

അനുബന്ധം – 1

**<u>പ്രാഥമിക സ്ക്രൂട്ടിനിക്കുള്ള ഓൺലൈൻ അപേക്ഷാ മാതൃക</u>**

District : ..........................................................

Educational Dist. : ..........................................................

School : ..........................................................

| Name | Age | Category |
|---|---|---|
| | | |

Address : ..........................................................
..........................................................

Mobile No. : ..........................................................

e-mail Address : ..........................................................

- IT knowledge : Yes ☐ No ☐

- Whether using Computers in class room
  Yes ☐ No ☐

- Interested in knowing more about particular model
  *(Can select one or more)*

  Laptop → ☐ ☐ ☐ Net book → ☐ ☐

- Other remarks/comments (optional)

| |
|---|
| |

*Certify that once purchased I will use this laptop or net book exclusively for personal use.*

DRAFT

അനുബന്ധം - 2

## UNDERTAKING BY VENDORS

**(To be taken `100 Stamp Paper)**

We ensure that we will deliver the equipments to teachers with the same specification and service conditions offered to KELTRON as given in ICT in School Scheme tender floated. (Annexure – 1).

We will adhere to the Schedule and conditions given in Circular .......................................by Executive Director, IT@School Project.

We agree that in case of any dispute, Principal Secretary, General Education Department will be the final authority to resolve this.

DRAFT

Signature:

Address of Vendors:

അനുബന്ധം 3

# **CERTIFICATE**

I hereby certify that Sri/Smt...................................................................of ...........................................................................................School has undergone IT Training and is using IT in the class room transaction*. This certificate is issued for availing the laptop under the special scheme.

Date :

**Signature :**
**School Code :**

(Office seal)

---

*For office use only*

Recommended ☐

No recommended ☐

**DISTRICT CO-ORDINATOR**
IT@SCHOOL

* For LP-UP Teachers who haven't got IT Training it may be written **as "has agreed to attend ICT Training before June 2011"**.

DRAFT